**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2158** **21-06-2024 - ൽ മറുപടിയ്ക്ക്**

**ആർദ്രം മിഷൻ രണ്ടാം ഘട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആർദ്രം മിഷൻ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള വ്യക്തികളുടെ അടിസ്ഥാന ആരോഗ്യ വിവരങ്ങൾ ശേഖരിക്കുന്ന പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി അറിയിക്കുമോ; | (എ) | ആർദ്രം മിഷന്റെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി 30 വയസ്സിനു മുകളിൽ പ്രായമുള്ള വ്യക്തികളുടെ ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുകയും ഫലപ്രദമായ ചികിത്സ ഉറപ്പാക്കുന്നതിനുമായി 'ശൈലി' ആപ്ലിക്കേഷൻ ഉപയോഗിച്ചുള്ള 'വാർഷിക ആരോഗ്യ പരിശോധന - അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ട സർവേയുടെ ഭാഗമായി 1,54,26,178 (87.4%) വ്യക്തികളുടെ സർവേ പൂർത്തിയാക്കുകയും ഇതിൽ ജീവിതശൈലി രോഗ സാധ്യതയുള്ള 27,91,063(18.1%) പേരെ രോഗനിർണയത്തിന് റഫർ ചെയ്തിട്ടുള്ളതും, രക്താതിമർദ്ദമുള്ള 16,55,455(10.7%) പേരെയും, പ്രമേഹമുള്ള 13,37,420 (8.7%) പേരെയും, രക്താതിമർദ്ദമുള്ളതും പ്രമേഹമുള്ളതും ആയ 62,65,69(4.1%) പേരെയും കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ക്യാൻസർ രോഗ സാധ്യതയുള്ള 9,13,485(5.9%) പേരെയും ടി ബി സാധ്യതയുള്ള 1,13,033 (0.7%) പേരെയും ശ്വാസകോശ സംബന്ധമായ രോഗമുള്ള 4,38,469 (2.8%) പേരെയും രോഗനിർണയത്തിനും ചികിത്സ ലഭ്യമാക്കുന്നതിനുമായും അതാത് സ്പെഷ്യാലിറ്റികളിലേക്ക് റഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>രോഗവിവര ശേഖരണത്തിനുപയോഗിക്കുന്ന 'ശൈലി' ആപ്ലിക്കേഷനിൽ പുതിയ പരിഷ്ക്കാരങ്ങൾ വരുത്തുകയും ആദ്യ ഘട്ടത്തിലെ പരിശോധനകൾക്ക് പുറമേ കുഷ്ഠരോഗം, മാനസികരോഗം, കേൾവി കുറവ് കാഴ്ചക്കുറവ് എന്നീ രോഗങ്ങൾ കൂടി കണ്ടെത്തുന്നതിനുള്ള ചോദ്യാവലികൾ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ട് ഇതിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത വിവര ശേഖരണത്തിനായി ഏത് വിഭാഗം ജീവനക്കാരെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ബി) | ഗൃഹ സന്ദർശനം നടത്തി 'ശൈലി' എന്ന ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷനിലൂടെ ജീവിതശൈലീ രോഗങ്ങളെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനായി ആശാ പ്രവർത്തകരെയാണ് നിയോഗിച്ചിരിക്കുന്നത്. ഓരോ ആശമാരും അവരുടെ അധികാര പരിധിയിലുള്ള വീട്ടുകളിലെ വ്യക്തികളുടെ വിവരശേഖരണമാണ് നടത്തുന്നത്. ആശാ പ്രവർത്തകർ റഫർ ചെയ്യുന്ന രോഗികളെ ജനകീയ ആരോഗ്യ കേന്ദ്രത്തിലുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, മിഡിൽ ലെവൽ സർവ്വീസ് പ്രൊവൈഡർ എന്നിവരും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലുള്ള മെഡിക്കൽ ഓഫീസറിന്റെ നേതൃത്വത്തിലുള്ള ആരോഗ്യ പ്രവർത്തകരുമാണ് തുടർ പരിശോധനകൾ നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ